# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2360

11/10/2011 ൽ
മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി അനുവദിച്ച പണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി കേന്ദ്രം അനുവദിച്ച എത്ര കോടി രൂപയാണ് മുൻ സർക്കാരിന്റെ കാലത്ത് പാഴായത്; | (എ) | 92.97 കോടി രൂപ. |
| (ബി) | എസ്.എസ്.എ. ഈ ഫണ്ട് ഫലപ്രദമായി ഉപയോഗിക്കാത്തതിനാലാണോ ഇത് ലാപ്സായത്; എങ്കിൽ ഇതിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കുമോ; | (ബി) | കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ നടപ്പാക്കാനാവശ്യമുള്ള ചട്ടങ്ങൾ കേരള സംസ്ഥാനത്ത് നിലവിൽവന്നത് ജി.ഒ.(പി)നം. 100/2011/പൊ.വി.വ. നമ്പർ നോട്ടിഫിക്കേഷൻ മുഖേന 30/4/11 മുതലാണ്. ടി നിയമം സംസ്ഥാനത്ത് പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളു. |

| | | | |
|---|---|---|---|
| (സി) | കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം എത്ര വിദ്യാർത്ഥികളുള്ള സ്കൂളുകളിലാണ്, കായിക-കല-പ്രവൃത്തിപരിചയ വിഭാഗങ്ങളിൽ അധ്യാപകരെ നിയമിക്കുന്നത്; | (സി) | കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 23 ചട്ടം 6 പ്രകാരം ക്രാഫ്റ്റ് അദ്ധ്യാപകരില്ലാത്ത ഹൈസ്കൂളിൽ 200 പെൺകുട്ടികളുണ്ടെങ്കിൽ ഒരു തുന്നൽ ടീച്ചറെ നിയമിക്കാവുന്നതാണ്. ആഴ്ചയിൽ കുറഞ്ഞത് 5 പീരീഡുകൾക്ക് സ്പെഷ്യലിസ്റ്റ് ഗ്രൂപ്പിൽപ്പെട്ട ഒരു അദ്ധ്യാപകനെ നിയമിക്കാം. എന്നാൽ രണ്ടാമത്തെ അദ്ധ്യാപകനെ നിയമിക്കണമെന്നുണ്ടെങ്കിൽ ഓരോ ഗ്രൂപ്പിനും 25 പീരീഡുകളിൽ കൂടുതൽ വേണം. യു.പി. വിഭാഗത്തിൽ 500 കുട്ടികൾ ((Effective strength) ഉണ്ടെങ്കിൽ ഒരു മ്യൂസിക്, ഫിസിക്കൽ എഡ്യൂക്കേഷൻ, ഡ്രോയിംഗ്, തുന്നൽ ഇവയിലേതെങ്കിലും ഒരു തസ്തിക അനുവദിക്കും. എയ്ഡഡ് സ്കൂളിനെ സംബന്ധിച്ച് മാനേജർക്ക് ആവശ്യപ്പെടുന്ന വിധം ഏതെങ്കിലും ഒരു തസ്തിക ആകാം. എന്നാൽ യു.പി.വിഭാഗത്തിൽ ഏതെങ്കിലും ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപകൻ ജോലിചെയ്യുന്നുണ്ടെങ്കിൽ യു.പി.സ്കൂളിലോ ഹൈസ്കൂളിന്റെ യു.പി.വിഭാഗത്തിലോ മറ്റൊരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപകനെ നിയമിക്കാൻ പാടില്ലാത്തതാണ്. |
| (ഡി) | കായികാധ്യാപകരെ 2008 മുതൽ നിയമിക്കാത്ത റവന്യൂ ജില്ലകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. ഒഴിവ് പി.എസ്.സി.യെ അറിയിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ